"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ജലവിഭവ വകുപ്പ്- കിഫ്ബി മുഖേന നടപ്പിലാക്കുന്ന നെയ്യാറ്റിൻകര നിയമസഭാ മണ്ഡലത്തിലെ ചെങ്കൽ, കാരോട്, കുളത്തൂർ പഞ്ചായത്തുകൾക്കുവേണ്ടിയുള്ള കാരോട് സമഗ്ര കുടിവെള്ള പദ്ധതി ഘട്ടം- I ലെ ഭാഗം- 2- ന്റെ പ്രവൃത്തിയ്ക്ക് ലഭിച്ച ഏക ദർഘാസ് അംഗീകരിക്കുന്നത് - അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ജലവിഭവ (ജലവിതരണ-ബി) വകുപ്പ്**

സ.ഉ.(കൈ) നം.17/2024/WRD തീയതി,തിരുവനന്തപുരം, 14-03-2024

---

പരാമർശം:-
1. സ.ഉ (സാധാ) നം. 67/2018/ജ.വി.വ തീയതി 01.02.2018
2. കിഫ്ബി ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 07.09.2019 തീയതിയിലെ WRD025-09/APR-6/2019/KIIFB നമ്പർ നടപടിക്രമം.
3. കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടറുടെ 14.09.2023 തീയതിയിലെ KWA/JB/P-1/1055KIIFB-2017-18- PART-4 നമ്പർ കത്ത്.
4. സ.ഉ (പി) നം. 16/2017/ധന തീയതി 06.02.2017.

**<u>ഉത്തരവ്</u>**

നെയ്യാറ്റിൻകര നിയമസഭാ മണ്ഡലത്തിലെ ചെങ്കൽ, കാരോട്, കുളത്തൂർ പഞ്ചായത്തുകൾക്കുവേണ്ടിയുള്ള കാരോട് സമഗ്ര കുടിവെള്ള പദ്ധതി ഘട്ടം- I ന്റെ പ്രവൃത്തിയ്ക്ക് പരാമർശം (1)- ലെ സർക്കാർ ഉത്തരവ് പ്രകാരം 86 കോടി രൂപയുടെ ഭരണാനുമതിയും, കിഫ്ബി സ്കീമിൽ ഉൾപ്പെടുത്തി പരാമർശം (2) പ്രകാരം 89.189 കോടി രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയ്ക്ക് 61.51 കോടി രൂപയുടെ സാങ്കേതികാനുമതിയും നൽകിയിരുന്നു.

2. കരോട് സമഗ്ര കുടിവെള്ള പദ്ധതിയുടെ ഒന്നാം ഘട്ട പ്രവൃത്തിയുടെ ദർഘാസ് മുമ്പ് ക്ഷണിച്ചിരുന്നതും, എന്നാൽ പുന:ദർഘാസ് ക്ഷണിച്ചപ്പോൾ പോലും ലേലത്തിൽ പങ്കെടുത്ത single bidder ക്വാട്ട് ചെയ്ത തുക Tendered PAC യെക്കാൾ 27.63% അധികമായതിനാലും, ഉദ്ധരിച്ച തുകയേക്കാൾ കുറഞ്ഞ നിരക്കിൽ പ്രവൃത്തി നിർവഹിക്കാൻ പ്രസ്തുത bidder തയ്യാറാകാത്തതിനാലും, കാരോട് സമഗ്ര കുടിവെള്ള പദ്ധതിയുടെ ഒന്നാം ഘട്ടത്തിന്റെ പ്രവൃത്തി കേരള വാട്ടർ അതോറിറ്റി രണ്ട് പാക്കേജുകളായി വിഭജിക്കുകയുണ്ടായി. പ്രസ്തുത പാക്കേജുകളിലൊന്നിൽ താഴെപ്പറയുന്ന ഘടകങ്ങൾ ഉൾക്കൊള്ളുന്നു.

1. 600 mm DI K9 Raw Water Pumping Main - 7800 m
2. 600 mm DI K9 Clear Water Pumping Main - 150 m
3. Clear Water Transmission Mains - 250 mm DI K9 - 2600 m, 300 mm DI K9 - 4000 m, 450 mm DI K9 - 2910 m, 500 mm DI K9 - 3000 m including

Road Restoration
4. 17 LL OHSR at Chenkal and 10 LL OHSR at Ambalikonam.

3. പ്രസ്തുത പാക്കേജിലെ പ്രവൃത്തികൾക്ക് രണ്ടു തവണ ദർഘാസ് ക്ഷണിച്ചിട്ടും രണ്ടിലും ആരും പങ്കെടുക്കാത്തതിനാൽ ആയവ റദ്ദാക്കേണ്ടി വന്നുവെന്നും, രണ്ടാം പുന:ദർഘാസിൽ M/s Chicago Constructions International (P) Ltd സമർപ്പിച്ച ഏക ദർഘാസ് മാത്രമാണ് ലഭിച്ചതെന്നും, പ്രസ്തുത കരാറുകാരൻ ക്വാട്ട് ചെയ്ത 42,71,33,342/- രൂപ ദർഘാസ് തുകയേക്കാൾ 20.14% കൂടുതലായിരുന്നതായും കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറകർ റിപ്പോർട്ട് ചെയ്തു. കേരള വാട്ടർ അതോറിറ്റി കരാറുകാരനുമായി negotiation നടത്തിയതിനെ തുടർന്ന് ദർഘാസ് തുകയേക്കാൾ 17.12% അധികമായ 41,63,78,839.26/- രൂപയ്ക്ക് പ്രവൃത്തി ഏറ്റെടുക്കാൻ കരാറുകാരൻ സമ്മതിക്കുകയുണ്ടായി.

4. പരാമർശം (4)- ലെ സർക്കാർ ഉത്തരവ് പ്രകാരം DSoR + 10%, പ്രാദേശിക വിപണി നിരക്ക്, കരാറുകാരൻ ക്വാട്ട് ചെയ്ത തുക, ഇവയിൽ ഏതാണോ കുറവ് വരുന്നത് ആ തുകയ്ക്കാണ് ദർഘാസ് അംഗീകരിക്കേണ്ടത്. ഇതിൽ കുറഞ്ഞ തുകയായ DSR + 10% ആയ 39,10,69,725.75/- രൂപയ്ക്ക് മാത്രമേ പ്രസ്തുത ദർഘാസ് അനുവദിക്കാനാകുകയുള്ളൂ. എന്നാൽ കരാറുകാരൻ negotiate ചെയ്ത തുക പ്രാദേശിക വിപണി നിരക്കുമായും, നിലവിലെ DSoR + 10% തുകയുമായും താരതമ്യം ചെയ്യുമ്പോൾ കൂടുതലാണ്.

5. ഈ ദർഘാസ് റദ്ദാക്കി വീണ്ടും ദർഘാസ് ക്ഷണിച്ചാലും മികച്ച ഓഫർ ലഭിക്കാനുള്ള സാധ്യത വിരളമാണെന്ന് കേരള വാട്ടർ അതോറിറ്റി മാനേജിങ് ഡയറക്ടർ സർക്കാരിനെ അറിയിക്കുകയുണ്ടായി. ചെങ്കൽ, കാരോട്, കുളത്തൂർ പഞ്ചായത്തുകളിൽ ജലവിതരണം നടത്തുന്നതിന് ഏറെ പ്രാധാന്യമുള്ളതാണ് ഈ പ്രവൃത്തി. ചെങ്കൽ, കാരോട്, കുളത്തൂർ പഞ്ചായത്തുകളിലെ വിതരണ ശൃംഖലയും മൊത്തം 30840 FHTC കളും ജലജീവൻ മിഷൻ (JJM) വഴി വിഭാവനം ചെയ്യുന്നതായും, ആയതിന് ഭരണാനുമതി നൽകിയിട്ടുള്ളതും, ആയത് 2024 മാർച്ച് മാസത്തിന് മുമ്പ് പൂർത്തിയാക്കേണ്ടതുണ്ടെന്നും കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ അറിയിച്ചു. ഈ കിഫ്ബി പദ്ധതി പൂർത്തീകരിച്ചാൽ മാത്രമേ ജൽ ജീവൻ മിഷൻ പ്രവർത്തനങ്ങൾ ഫലപ്രദമാകുകയുള്ളൂ.

6. സർക്കാർ ഈ വിഷയം വിശദമായി പരിശോധിക്കുകയുണ്ടായി. വർഷങ്ങൾക്ക് മുമ്പ് ഭരണാനുമതി നൽകിയതും വിവിധ കാരണങ്ങളാൽ നടക്കാതെ പോയതുമായ ഒരു പദ്ധതിയാണ് കാരോട് സമഗ്ര കുടിവെള്ള പദ്ധതി ഘട്ടം-I. ഇതു പൂർത്തിയായാൽ മാത്രമേ ജൽ ജീവൻ മിഷനു കീഴിലുള്ള കുടിവെള്ള കണക്ഷനുകൾ നൽകാനാകൂ എന്ന് മാത്രമല്ല സമയബന്ധിതമായി ജൽ ജീവൻ മിഷൻ പ്രവൃത്തികൾ പൂർത്തിയാക്കേണ്ടതുമുണ്ട്. മൂന്നു പ്രാവശ്യം ടെണ്ടർ ചെയ്തതാണ് ഈ പ്രവൃത്തി. നിലവിൽ ക്വോട്ട് ചെയ്തിരിക്കുന്ന തുക മാർക്കറ്റ് നിരക്കിനേക്കാൾ 0.8 ശതമാനം മാത്രമാണ് കൂടുതൽ. ഇത് അംഗീകരിച്ചില്ലെങ്കിൽ സർക്കാരിന് കൂടുതൽ തുക ചെലവാക്കേണ്ടി വരും എന്ന് കാണുന്നു.

7. മേൽ സാഹചര്യത്തിൽ നെയ്യാറ്റിൻകര നിയമസഭാ മണ്ഡലത്തിലെ ചെങ്കൽ, കാരോട്,

കുളത്തൂർ പഞ്ചായത്തുകൾക്കുവേണ്ടിയുള്ള കാരോട് സമഗ്ര കുടിവെള്ള പദ്ധതി ഘട്ടം- I ന്റെ ഭാഗം- 2 പ്രവൃത്തിക്ക് ലഭിച്ച single bidder ആയ M/s Chicago Constructions International (P) Ltd ക്വോട്ട് ചെയ്ത ദർഘാസ് Tendered PAC യേക്കാൾ 17.12% ഉം, നിലവിലെ SoR (2018) + 10% തുകയേക്കാൾ 6.07% ഉം, പ്രാദേശിക വിപണി നിരക്കിനേക്കാൾ (LMR) 0.8 % ഉം അധികരിച്ച തുകയായ 41,63,78,839.26/- രൂപ (നാൽപത്തിയൊന്ന് കോടി അറുപത്തി മൂന്ന് ലക്ഷത്തി എഴുപത്തി എട്ടായിരത്തി എണ്ണൂറ്റി മുപ്പത്തി ഒമ്പത് രൂപ ഇരുപത്തിയാറ് പൈസ മാത്രം) + ബാധകമായ ജി.എസ്.റ്റി എന്ന തുകയ്ക്ക് അംഗീകരിക്കുന്നതിനുള്ള അനുമതി കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർക്ക് നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അശോക് കുമാർ സിംഗ് ഐ എ എസ്
പ്രിൻസിപ്പൽ സെക്രട്ടറി

1. മാനേജിംഗ് ഡയറക്ടർ, കേരള വാട്ടർ അതോറിറ്റി
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം.
3. ധനകാര്യ വകുപ്പ് (ഫയൽ നം. Infra2/02/2024/fin)
4. ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, ഐ & പി.ആർ.ഡി
5. കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Khadeeja Alungal
Date: 14-03-2024 15:48:02

സെക്ഷൻ ഓഫീസർ

പകർപ്പ്:- ബഹു. ജലവിഭവ വകുപ്പ് മന്ത്രിയുടെ പി.എസ്- ന്
ജലവിഭവ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ- യ്ക്ക്

115

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 13-03-2024

ഫയൽ നം. ബി1/87/2022/ജവിവ. ഇനം നം: 2127

വിഷയം : ജലവിഭവ വകുപ്പ് - നെയ്യാറ്റിൻകര നിയമസഭാ മണ്ഡലത്തിലെ ചെങ്കൽ, കാരോട്, കുളത്തൂർ പഞ്ചായത്തുകൾക്കു വേണ്ടിയുള്ള കാരോട് സമഗ്ര കുടിവെള്ള പദ്ധതി ഘട്ടം-1 ഭാഗം-2-ന്റെ പ്രവൃത്തിയ്ക്ക് ലഭിച്ച ഏക ദർഘാസ് അംഗീകരിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

ഡോ. വേണു. വി.
ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, ജലവിഭവ വകുപ്പ്.

Issue GO immediately
13/3/2024

- 127

**കേരള സർക്കാർ**
**(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)**

**<u>മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്</u>**

| | | | |
|---|---|---|---|
| 1. | ഫയൽ നമ്പർ | : | ബി1/87/2022-ജ.വി.വ |
| 2. | വകുപ്പ് | : | ജലവിഭവ (ജലവിതരണ -ബി) വകുപ്പ് |
| 3. | വിഷയം | : | നെയ്യാറ്റിൻകര നിയമസഭാ മണ്ഡലത്തിലെ ചെങ്കൽ, കാരോട്, കുളത്തൂർ പഞ്ചായത്തുകൾക്ക വേണ്ടിയുള്ള കാരോട് സമഗ്ര കുടിവെള്ള പദ്ധതി ഘട്ടം- I ഭാഗം- 2-ന്റെ പ്രവൃത്തിയ്ക്ക് ലഭിച്ച ഏക ദർഘാസ് അംഗീകരിക്കുന്നത് സംബന്ധിച്ച്. |
| 4. | മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 05/03/2024 |
| 5. | (i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ? | : | ഉണ്ട് |
| | (ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊളളിച്ചിട്ടുണ്ടോ? | : | ഉണ്ട്. അതെ |
| 6. | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊളളിച്ചിട്ടുണ്ടോ? | : | ഇല്ല. |
| 7. | കുറിപ്പ് സമർപ്പിച്ച അഡിഷണൽ സെക്രട്ടറിയുടെ പേര് | : | |
| 8. | കുറിപ്പ് അംഗീകരിച്ച സെക്രട്ടറിയുടെ പേര് | : | ശ്രീ. അശോക് കുമാർ സിംഗ് |
| 9. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 11.03.2024 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ: വേണു. വി |
| 11. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 12.03.2024 |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ. റോഷി അഗസ്റ്റിൻ |
| 13. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | | 12.03.2024 |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 12.03.2024 |
| 15. | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : | |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/കത്തിന്റെ നമ്പറും തീയതിയും | : | |

201 –



# മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

നെയ്യാറ്റിൻകര നിയമസഭാ മണ്ഡലത്തിലെ ചെങ്കൽ, കാരോട്, കുളത്തൂർ പഞ്ചായത്തുകൾക്കുവേണ്ടിയുള്ള കാരോട് സമഗ്ര കുടിവെള്ള പദ്ധതി ഘട്ടം- I ന്റെ ഭാഗം- 2- ന്റെ പ്രവൃത്തിയ്ക്ക് ലഭിച്ച ഏക ദർഘാസ് അംഗീകരിക്കുന്നതുമായി ബന്ധപ്പെട്ടതാണ് ഈ കുറിപ്പ്.

2. കാരോട് സമഗ്ര കുടിവെള്ള പദ്ധതി ഘട്ടം- I ന്റെ പ്രവൃത്തിയ്ക്ക് 01/02/2018 തീയതിയിലെ സ.ഉ (സാധാ) നം. 67/2018/ജ.വി.വ ഉത്തരവ് പ്രകാരം 86 കോടി രൂപയുടെ ഭരണാനുമതിനൽകുകയും, കിഫ്ബി സ്കീമിൽ ഉൾപ്പെടുത്തി 07.09.2019 തീയതിയിലെ WRD025-09/APR-6/2019/KIIFB ഉത്തരവ് പ്രകാരം 89.189 കോടി രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയ്ക്ക് 61.51 കോടി രൂപയുടെ സാങ്കേതികാനുമതിയും നൽകിയിരുന്നു.

3. കരോട് സമഗ്ര കുടിവെള്ള പദ്ധതിയുടെ ഒന്നാം ഘട്ട പ്രവൃത്തിയുടെ ദർഘാസ് മുമ്പ് ക്ഷണിച്ചിരുന്നതും, എന്നാൽ പുനഃദർഘാസ് ക്ഷണിച്ചപ്പോൾ പോലും ലേലത്തിൽ പങ്കെടുത്ത single bidder ക്വാട്ട് ചെയ്ത തുക Tendered PAC യെക്കാൾ 27.63% അധികമായതിനാലും, ഉദ്ധരിച്ച തുകയേക്കാൾ കുറഞ്ഞ നിരക്കിൽ പ്രവൃത്തി നിർവഹിക്കാൻ പ്രസ്തുത bidder തയ്യാറാകാത്തതിനാലും, ടി പദ്ധതിയുടെ എസ്റ്റിമേറ്റ് പുനഃക്രമീകരിക്കാനും പുതുക്കിയ എസ്റ്റിമേറ്റ് അടിസ്ഥാനമാക്കി പുതിയ ദർഘാസ് ക്ഷണിക്കാനും സർക്കാർ കേരള വാട്ടർ അതോറിറ്റിയോട് നിർദേശിച്ചിരുന്നു. സർക്കാരിന്റെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ, കാരോട് സമഗ്ര കുടിവെള്ള പദ്ധതിയുടെ ഒന്നാം ഘട്ടത്തിന്റെ പ്രവൃത്തി കേരള വാട്ടർ അതോറിറ്റി രണ്ട് പാക്കേജുകളായി വിഭജിച്ചു. പാക്കേജുകളിലൊന്നിൽ ഇനിപ്പറയുന്ന ഘടകങ്ങൾ ഉൾക്കൊള്ളുന്നു.

1. 600 mm DI K9 Raw Water Pumping Main - 7800 m

2. 600 mm DI K9 Clear Water Pumping Main - 150 m
3. Clear Water Transmission Mains - 250 mm DI K9 - 2600 m, 300 mm DI K9 - 4000 m, 450 mm DI K9 - 2910 m, 500 mm DI K9 - 3000 m including Road Restoration
4. 17 LL OHSR at Chenkal and 10 LL OHSR at Ambalikonam.

4. പ്രസ്തുത പാക്കേജിന് സാങ്കേതികാനുമതി നൽകിയതിനു ശേഷം 31.05.2023 അവസാന തീയതിയായി നിശ്ചയിച്ചും ജി.എസ്.റ്റി ഒഴിവാക്കിയും 35,55,17,932.50/- രൂപ tendered PAC ആയി കേരള വാട്ടർ അതോറിറ്റി ടെൻഡർ ക്ഷണിക്കുകയുണ്ടായി. ദർഘാസിൽ ആരും പങ്കെടുക്കാത്തിനാൽ ആയത് റദ്ദാക്കുകയാണുണ്ടായത്. തുടർന്ന് 26.06.2023 അവസാന തീയതിയായി നിശ്ചയിച്ച് പുനഃദർഘാസ് ക്ഷണിക്കുകയും, അവസാന തീയതി 30.06.2023 വരെ ദീർഘിപ്പിക്കുകയും ചെയ്തു. പ്രസ്തുത ദർഘാസിലും ആരും പങ്കെടുക്കാത്തിനാൽ റദ്ദാക്കേണ്ടി വന്നു. തുടർന്ന് 24.07.2023 തീയതി അവസാന തീയതിയായി നിശ്ചയിച്ച് രണ്ടാം പുനഃദർഘാസ് ക്ഷണിക്കുകയും, single bidder ആയ M/s Chicago Constructions International (P) Ltd സമർപ്പിച്ച ദർഘാസ് 07.08.2023- ൽ തുറക്കുകയും ചെയ്തു.

5. Single bidder ആയ M/s Chicago Constructions International (P) Ltd -ന്റെ Quoted തുകയായ 42,71,33,342/- രൂപ, tendered PAC ആയ 35,55,17,932.50/- രൂപയെക്കാൾ 20.14% അധികമായിരുന്നു.

| | | |
|---|---|---|
| Tendered PAC | - | Rs. 35,55,17,932.50/- |
| Quoted Amount | - | Rs. 42,71,33,342/- (20.14% above TPAC) |
| Current SoR(2018) + 10% amount | - | Rs. 39,10,69,725.75/- |
| Local Market Rate (LMR) | - | Rs. 41,28,10,028.91/- |

6. കേരള വാട്ടർ അതോറിറ്റി പ്രസ്തുത കോൺട്രാക്ടറുമായി negotiation നടത്തുകയും, Tendered PAC യായ 35,55,17,932.50/- രൂപയേക്കാൾ 17.12% അധികമായ 41,63,78,839.26/- രൂപയ്ക്ക് പ്രവൃത്തി ഏറ്റെടുക്കാൻ സമ്മതിക്കുകയും ചെയ്തു.

Comparison Statement

| Negotiated Amount - Rs. 41,63,78,839.26/- | | |
|---|---|---|
| | Amount | Negotiated Amount Percentage Above or Below |
| Tendered PAC | Rs. 35,55,17,932.50/- | **17.12 % Above** |
| Current SoR (2018)+10% amount | Rs. 39,10,69,725.75/- | **6.07% Above** |
| Local Market Rate (LMR) | Rs. 41,28,10,028.91/- | **0.8% Above** |

7. നിലവിലെ സർക്കാർ ഉത്തരവുകൾക്ക് വിധേയമായി മുകളിൽ പ്രസ്താവിച്ചിട്ടുള്ളതിൽ ഏറ്റവും കുറഞ്ഞ തുക മാത്രമേ അനുവദിക്കാനാകൂ എന്നതിനാൽ, പ്രസ്തുത പ്രവൃത്തി Single bidder ആയ M/s Chicago Constructions International (P) Ltd-ന് Current SoR (2018)+10% amount ആയ 39,10,69,725.75/- രൂപയ്ക്ക് മാത്രമേ അനുവദിക്കാനാകുകയുള്ളൂ. single bidder സമ്മതിച്ച തുക പ്രാദേശിക വിപണി നിരക്കുമായും, നിലവിലെ SoR + 10% തുകയുമായും താരതമ്യം ചെയ്യുമ്പോൾ കൂടുതലാണ്.

8. 06/02/2017 തീയതിയിലെ സ.ഉ (പി) നം. 16/2017/ധന ഉത്തരവിൽ താഴെ പറയും പ്രകാരം വ്യവസ്ഥ ചെയ്തിട്ടുണ്ട്.

"The maximum admissible tender excess shall be limited either to quoted rate of the lowest bidder or Local Market Rate or current DSoR plus 10% tolerance limit whichever is less. In case quoted rate of the lowest bidder is above the current DSoR plus 10% tolerance limit, the tender inviting authority themselves shall re-tender the work without referring the case to higher authorities".

9. മേൽ സാഹചര്യത്തിൽ പ്രസ്തുത പ്രവൃത്തി Single bidder ആയ M/s Chicago Constructions International (P) Ltd- ന് അവർ negotiate ചെയ്ത തുകയായ 41,63,78,839.26/- രൂപയ്ക്ക് (ആയത് TPAC യേക്കാൾ 17.12% അധികാണ്) അനുവദിക്കുന്നത് സംബന്ധിച്ച് ധനകാര്യ വകുപ്പിന്റെ അഭിപ്രായം ആരായുകയുണ്ടായി.

10. ധനകാര്യ വകുപ്പ് താഴെ പറയുംപ്രകാരം അഭിപ്രായപ്പെട്ടു:

"AD may take a judicious decision in view of the Vigilance case ongoing against the contractor and in any case the Tender Acceptance can be done only with the approval of the Council of Ministers as per the guidelines"

11. കഞ്ചിക്കുഴി-കൊല്ലാട് റോഡ് നിർമാണത്തിലെ ക്രമക്കേടുമായി ബന്ധപ്പെട്ട വിജിലൻസ് സർപ്രൈസ് ചെക്ക് റിപ്പോർട്ടിൽ M/s Chicago Constructions International (P) Ltd- നെ കരിമ്പട്ടികയിൽ പെടുത്താൻ വിജിലൻസ് വകുപ്പ് സർക്കാരിനോട് ശുപാർശ ചെയ്തു. തുടർന്ന് ഇതു സംബന്ധിച്ച് കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഇനിയൊരു ഉത്തരവ് ഉണ്ടാകുന്നത് വരെ പ്രസ്തുത കമ്പനിയെ കരിമ്പട്ടികയിൽ പെടുത്തേണ്ടതില്ലെന്ന് ഭരണ വകുപ്പ് തീരുമാനിച്ചു.

12. ഈ ദർഘാസ് റദ്ദാക്കി വീണ്ടും ദർഘാസ് ക്ഷണിച്ചാലും മികച്ച ഓഫർ ലഭിക്കാനുള്ള സാധ്യത വിരളമാണെന്ന് കേരള വാട്ടർ അതോറിറ്റി മാനേജിങ് ഡയറക്ടർ സർക്കാരിനെ അറിയിക്കുകയുണ്ടായി. ചെങ്കൽ, കാരോട്, കുളത്തൂർ പഞ്ചായത്തുകളിൽ ജലവിതരണം നടത്തുന്നതിന് ഏറെ പ്രാധാന്യമുള്ളതാണ് ഈ പ്രവൃത്തി. ചെങ്കൽ, കാരോട്, കുളത്തൂർ പഞ്ചായത്തുകളിലെ വിതരണ ശൃംഖലയും മൊത്തം 30840 FHTC കളും ജലജീവൻ മിഷൻ (JJM) വഴി വിഭാവനം ചെയ്യുന്നതായും, ആയതിന് 5-ാം SLSSC ൽ ഭരണാനുമതി നൽകിയിട്ടുള്ളതും, ആയത് 2024 മാർച്ച് മാസത്തിന് മുമ്പ് പൂർത്തിയാക്കേണ്ടതുണ്ടെന്നും കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ അറിയിച്ചു. ഈ കിഫ്ബി പദ്ധതി പൂർത്തീകരിച്ചാൽ മാത്രമേ ജൽ ജീവൻ മിഷൻ പ്രവർത്തനങ്ങൾ ഫലപ്രദമാകുകയുള്ളൂ.

13. വളരെ വർഷങ്ങൾക്ക് മുമ്പ് ഭരണാനുമതി നൽകിയതും വിവിധ കാരണങ്ങളാൽ നടക്കാതെ പോയതുമായ ഒരു പദ്ധതിയാണ് കാരോട് സമഗ്ര കുടിവെള്ള പദ്ധതി ഘട്ടം-I. ഇതു പൂർത്തിയായാൽ മാത്രമേ ജൽ ജീവൻ മിഷനു കീഴിലുള്ള കുടിവെള്ള കണക്ഷനുകൾ നൽകാനാകുകയുള്ളൂ. സമയബന്ധിതമായി ജെ.ജെ.എം പൂർത്തീകരിച്ചില്ലെങ്കിൽ ഗണ്യമായ കേന്ദ്ര സഹായം നഷ്ടമാവുകയും സംസ്ഥാന സർക്കരിന് ബാദ്ധ്യത കൂടുകയും ചെയ്യും. ഒരിക്കൽ സർക്കാരിൽ വന്നിട്ട് തിരിച്ച് വീണ്ടും ജല അതോറിറ്റിക്ക് നൽകി മൂന്നു പ്രാവശ്യം ടെണ്ടർ

ചെയ്തതാണ് ഈ പ്രവൃത്തി. നിലവിൽ ക്വോട്ട് ചെയ്തിരിക്കുന്ന റേറ്റ് മാർക്കറ്റ് നിരക്കിനേക്കാൾ 0.8 ശതമാനം മാത്രമാണ് കൂടുതൽ. ഇത് അംഗീകരിച്ചില്ലെങ്കിൽ സർക്കാരിന് കൂടുതൽ തുക ചെലവാക്കേണ്ടി വരും എന്ന് കാണുന്നു. മേൽ സാഹചര്യത്തിൽ വിഷയത്തിന്റെ അടിയന്തര പ്രാധാന്യം കണക്കിലെടുത്ത് ഫയൽ ബഹു. ജലവിഭവ വകുപ്പ് മന്ത്രി മുഖേന ബഹു. മുഖ്യമന്ത്രിയ്ക്ക് ചംക്രമണം ചെയ്യുകയുണ്ടായി.

14. ഈ വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു: മുഖ്യമന്ത്രി ഉത്തരവായി.

**<u>തീരുമാനിക്കേണ്ട വിഷയം</u>**

നെയ്യാറ്റിൻകര നിയമസഭാ മണ്ഡലത്തിലെ ചെങ്കൽ, കാരോട്, കുളത്തൂർ പഞ്ചായത്തുകൾക്കുവേണ്ടിയുള്ള കാരോട് സമഗ്ര കുടിവെള്ള പദ്ധതി ഘട്ടം- I ന്റെ ഭാഗം- 2 പ്രവൃത്തിക്ക് ലഭിച്ച single bidder ആയ M/s Chicago Constructions International (P) Ltd ക്വോട്ട് ചെയ്ത ദർഘാസ് Tendered PAC യേക്കാൾ 17.12% ഉം, നിലവിലെ SoR (2018) + 10% തുകയേക്കാൾ 6.07% ഉം, പ്രാദേശിക വിപണി നിരക്കിനേക്കാൾ (LMR) 0.8 % ഉം അധികരിച്ച തുകയായ 41,63,78,839.26/- രൂപ + ബാധകമായ ജി.എസ്.റ്റി എന്ന തുകയ്ക്ക് അനുവദിയ്ക്കാമോ?